<u>15 -ാം കേരള നിയമസഭ</u>

<u>1 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 226</u> <u>07-06-2021 - ൽ മറുപടിയ്ക്ക്</u>

<u>വയനാട് ജില്ലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിലെ വിവിധ ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട്ടിൽ കോവിഡ് ബാധ റിപ്പോർട്ട് ചെയ്യുന്നതിനു മുമ്പ് ജില്ലാ അശുപത്രിയായിരുന്ന വയനാട് ഗവൺമെൻറ് മെഡിക്കൽ കോളേജിൽ 6 വെന്റിലേറ്ററുകളും 10 ഐ.സി.യു ബെഡുകളും മാത്രമാണ് ഉണ്ടായിരുന്നത്. 31/05/2021-ലെ കണക്ക് പ്രകാരം മാനന്തവാടിയിൽ 46 വെന്റിലേറ്ററുകളും 31 ഐ.സി.യു ബെഡുകളും ഉണ്ട്. 280 ലിറ്റർ/മിനുട്ട് ശേഷിയുള്ള ഓക്സിജൻ ജനറേറ്റർ പ്ലാന്റ് സ്ഥാപിച്ചു. പുതിയ നഴ്സിംഗ് സ്കൂൾ കെട്ടിടത്തിലും ഹോസ്പിറ്റൽ ബ്ലോക്കിലുമായി 257 ഓക്സിജൻ പോർട്ട് ബെഡുകൾ സജ്ജീകരിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് “ലക്ഷ്യ” സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്തി. 16 ഡി ടൈപ്പ് ഓക്സിജൻ സിലിണ്ടറുകൾ ഉള്ളത് 325-ഉം 102 ബി ടൈപ്പ് സിലിണ്ടറുകൾ ഉള്ളത് 227 ഉം ആയി. വെന്റിലേറ്റർ സൌകര്യത്തോടുകൂടിയ ഒരു ഐ.സി.യു ആംബുലൻസ് സജ്ജമാക്കി. കോവിഡ് രോഗികൾക്കു വേണ്ടി അനുബന്ധ ഉപകരണങ്ങളോടുകൂടി 272 ബെഡുകൾ സജ്ജമാക്കിയിട്ടുണ്ട്. 1500 ലിറ്റർ/മിനിട്ട് ശേഷിയുള്ള ഓക്സിജൻ ജനറേറ്റർ പ്ലാന്റിന് നിലവിൽ സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുമായി സംവദിക്കാൻ ടെലി ഐ.സി.യു സംവിധാനം ഏർപ്പെടുത്തി. നിലവിൽ ജില്ലയിലെ കോവിഡ് ആശുപത്രികളിൽ ആകെ 774 ഉം സി.എഫ്.എൽ.ടി.സി/ സി.എസ്.എൽ.ടി.സി-കളിൽ 52-ഉം ഓക്സിജൻ സിലിണ്ടറുകൾ സ്റ്റോക്കുണ്ട്. |
| (ബി) | വയനാട് ജില്ലയിലെ എതെല്ലാം ആശുപത്രികളിൽ ആണ് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 7,83,80,000 (ഏഴ് കോടി എൺപത്തി മൂന്ന് ലക്ഷത്തി എൺപതിനായിരം രൂപാ മാത്രം) ചിലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ പ്രതിദിനം എത്ര അളവ് ഓക്സിജൻ വയനാട് ജില്ലയിൽ ഉത്പാദിപ്പിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഒരു മിനിട്ടിൽ 280 ലിറ്റർ ഓക്സിജൻ ഉൽപ്പാദിപ്പിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ